# ജനസമ്പർക്കം: പരാതി, പരിദേവനം: പരിഹാരപ്പൂരം

## വേദനയുടെ മാറാപ്പുമായി ജനക്കൂട്ടം; ആശ്വാസത്തിന്റെ ഔഷധവുമായി മുഖ്യമന്ത്രിയും

തിരുവനന്തപുരം: ജനങ്ങളുടെ പരാതി പരിഹരിക്കാൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഭക്ഷണം പോലും ഉപേക്ഷിച്ചു രാവിലെ മുതൽ പാതിരാത്രി വരെ ജോലി ചെയ്തു. രാവിലെ ഒൻപതുമണിയോടെ ജനസമ്പർക്ക പരിപാടി നടക്കുന്ന ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെത്തിയ അദ്ദേഹം സദസിലിരിക്കുകയായിരുന്ന വികലാംഗരായ പരാതിക്കാരുടെ അരികിൽ ചെന്ന് നേരിട്ട് പരാതി സ്വീകരിക്കുകയായിരുന്നു. തുടർന്ന് സ്റ്റേജിൽ വന്ന ശേഷം ചികിൽസാ സഹായത്തിനുള്ള അപേക്ഷ സ്വീകരിച്ചു തുടങ്ങി. പരാതിക്കാരുടെ പ്രവാഹമായതോടെ അദ്ദേഹം എഴുന്നേറ്റ് സ്റ്റേജിലേക്കു പ്രവേശിക്കുന്ന വഴിയിൽ വന്നു നിന്ന് മണിക്കൂറുകൾ നീണ്ട പ്രയത്നത്തിലൂടെ പരാതികൾ ഏറ്റുവാങ്ങി.




*തിരുവനന്തപുരത്തെ മുഖ്യമന്ത്രിയുടെ പൊതുജനസമ്പർക്ക പരിപാടിയുടെ വേദിയിലെ തിരക്ക്.*

ചിലരോടു കാര്യങ്ങൾ ചോദിച്ചറിഞ്ഞു. ഒരു മണി വരെ നിന്ന നിൽപ്പിൽ പരാതി ഏറ്റു വാങ്ങി. തുടന്ന് വേദിയിലിരുന്നു ഫയലുകളിൽ ഒപ്പിടുകയും തീർപ്പു കൽപ്പിക്കുകയും ചെയ്തു. ഇതിനിടെ, 12 മണിക്ക് ഒരു ഗ്ലാസ് കരിക്കിൻ വെള്ളം കുടിച്ചു. ഒന്നരയോടെ മകൻ വീട്ടിൽ നിന്ന് കൊണ്ടുവന്ന ഒരു ഗ്ലാസ് കഞ്ഞിവെള്ളവും. ഇടയ്ക്കിടെ കുടിച്ചുകൊണ്ടിരുന്ന പച്ചവെള്ളം മാത്രമാണ് അദ്ദേഹത്തിന്റെ വയറ്റിലെത്തിയത്. വെള്ളം കുടിക്കുമ്പോഴും ഒരു കയ്യിൽ പേനയും പരാതിയും കൈവിടാതെ നിന്നു. ഉച്ചയോടെ തന്നെ പതിനാലായിരത്തോളം അപേക്ഷകൾ കൈപ്പറ്റിയിരുന്നു.

രാത്രി വൈകുംവരെ സ്റ്റേജിൽ ഉമ്മൻചാണ്ടിയെ പൊതിഞ്ഞ് ആൾക്കൂട്ടമായിരുന്നു. ആൾക്കൂട്ടത്തിന്റെ ആവേശത്തിൽ ക്ഷീണമകറ്റുന്ന നേതാവാണ് ഉമ്മൻചാണ്ടിയെന്ന് ഒരിക്കൽ കൂടി തെളിയിക്കപ്പെട്ടു.

ആയിരത്തിലേറെ പൊലീസുകാരും അനവധി ഉദ്യോഗസ്ഥരും മുഖ്യമന്ത്രിയോടൊപ്പം പാടുപെട്ടു. ജനപ്രതിനിധികളും കുടുംബശ്രീ പ്രവർത്തകരും സന്നദ്ധസേവകരുമെല്ലാം ഇവിടെ ജനങ്ങളുടെ സഹായത്തിനുണ്ടായിരുന്നു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി തൽസമയം വെബ് ടെലികാസ്റ്റ് ചെയ്തുവെന്നതും പ്രത്യേകതയായി.